(ബി) ഈ നടപടികൾകൊണ്ട് മാനേജർന്മാരുടെ ന്യായമായ എല്ലാ പരാതികളും പരിഹരിക്കപ്പെട്ടുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നഷ്ടപരിഹാരത്തിനു തക്കതായ ഗ്രാൻറ് കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട് ;

(ബി) പരിഹരിക്കപ്പെടുമെന്നാണ് ഗവണ്മെൻറിൻറെ വിശ്വാസം

പുതിയ ഡിസ്പെൻസറികൾ.

*594. [56] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം പുതിയതായി എത്രെങ്കിലും ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) പറവൂർ താലൂക്കിൽ ചെങ്ങമനാട്ടിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കണമെന്നു് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇല്ല.

(ബി) ഉണ്ട്.

മിനിമംവേജസ്.

*595. [60] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മിനിമംവേജസ് ശരിയായി നടപ്പിൽ വരുത്തുന്നുണ്ടോ എന്നന്വേഷിക്കുന്നതിനുമാത്രമായി ലേബർ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പറവൂർ താലൂക്കിലും വൈപ്പിൻകരയിലുമായി എത്ര കയർ വ്യവസായികൾ ഈ നിയമം ലംഘിച്ചിട്ടുണ്ട്;

(സി) അവരുടെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി മേനോവിന്ദമേനോൻ):

(എ) മിനിമംവേജസ് ശരിയായി നടപ്പിൽ വരുത്തുന്നുണ്ടോ എന്നന്വേഷിക്കുന്നതിനായി കൂടുതൽ ലേബർ ആഫീസർമാരെ അടുത്ത സാമ്പത്തികവർഷത്തിൽ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ ലേബർകമ്മിഷണർക്കു നിർദ്ദേശമുണ്ട്.

(ബി) പറവൂർ താലൂക്കിലും വൈപ്പിൻകരയിലുമുള്ള കയർ ഉൽപ്പാദകർ മിനിമംവേജസ് ലംഘിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly